LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഭൂമി വാങ്ങുന്ന കാര്യത്തിൽ ഒരു ഗവൺമെന്റും മുൻകാലത്ത് എടുക്കാത്ത രീതിയിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ഒരു സെന്റ് ഭൂമിക്ക് 25,000 രൂപയായിരുന്നത് രണ്ടു പ്രാവശ്യം വർദ്ധിപ്പിച്ചു കൊണ്ട് ഒരു സെന്റ് ഭൂമിക്ക് 75,000 രൂപയാണ് നൽകുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മൂന്ന് സെന്റ് ഭൂമിക്കാണ് 75,000 രൂപ കൊടുത്തിരുന്നത്. ഇപ്പോൾ ഒരു സെന്റിന് 75,000 രൂപയായി വർദ്ധിപ്പിച്ചു. ഇനിയും വർദ്ധിപ്പിക്കണമെന്നുള്ള ആഗ്രഹം നമുക്കുണ്ടെങ്കിലും സാമ്പത്തിക പരിമിതിയുണ്ട്. വലിയ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. ഏതായാലും ഫെയർ വാല്യൂവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹുമാനപ്പെട്ട അംഗത്തിനറിയാം, ഞാനിവിടെ പറയേണ്ട കാര്യമില്ല. ഗവൺമെന്റ് പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽനിന്നു കൊണ്ട് മാത്രമേ ചെയ്യാൻ കഴിയൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : ചോദ്യം നം. 63-ഉം 87-ഉം ക്ലബ്ബ് ചെയ്യണമെന്ന് ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഒരുപോലെയുള്ള ചോദ്യമായതുകൊണ്ട് രണ്ടു ചോദ്യങ്ങളും ക്ലബ് ചെയ്യുകയാണ്.

അട്ടപ്പാടിയിലെ ശിശുമരണം

3(*63) ശ്രീ. എം. ചന്ദ്രൻ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. എം. ഹംസ :

ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്തൊക്കെ വീഴ്ചകൾ കൊണ്ടാണ് അട്ടപ്പാടിയിൽ ശിശുമരണം ആവർത്തിക്കുന്നതെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തരമായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ,

(എ) വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു. അട്ടപ്പാടിയിലെ ശിശുമരണങ്ങളും അവയുടെ കാരണങ്ങളും ആരോഗ്യവകുപ്പ് അപ്പപ്പോൾ വിശദമായി പരിശോധിച്ചിട്ടുണ്ട്. 2013 ജനുവരി മാസം മുതൽ നവംബർ വരെ നടന്ന 530 ആദിവാസി പ്രസവങ്ങളിൽ 31 ശിശുമരണങ്ങളും, 2014 ജനുവരി മുതൽ നവംബർ വരെ നടന്ന 535 ആദിവാസി പ്രസവങ്ങളിൽ 13 ശിശുമരണങ്ങളുമാണുണ്ടായത്. ഈ മരണസംഖ്യ കുറയ്ക്കാൻ കഴിഞ്ഞത് സർക്കാർ കൈക്കൊണ്ട വിവിധ നടപടികളുടെ ഫലമായാണ്. പരമാവധി മരണനിരക്ക് കുറച്ചുകൊണ്ടുവരുന്നതിന് തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകരുടെയും മറ്റ് വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും അവലോകന യോഗം നടത്തുകയും അവിടത്തെ സാഹചര്യങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഗർഭിണികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ദേശീയ ആരോഗ്യ ദൗത്യം മുഖേന സപ്ലിമെന്ററി പി.ഐ.പി.-യിൽ ഉൾപ്പെടുത്തി അനുവാദത്തിന് സമർപ്പിച്ചു. അനുമതി ലഭിക്കുന്ന മുറയ്ക്ക് എൻ.ആർ.സി.-യുടെ പുതിയ കെട്ടിടം ഷോളയൂരിൽ നിർമ്മിക്കുന്നതാണ്. മോണിറ്ററിംഗ് സംവിധാനങ്ങൾ ശക്തമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അട്ടപ്പാടി മേഖലയിൽ താഴെപ്പറയുന്ന വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. 43 ഡോക്ടർമാരുൾപ്പെടെ 75 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി.

2. 3000 പേർക്ക് ഒരു സബ്സെന്റർ എന്ന കണക്കിൽ ഈ മേഖലയിൽ 28 ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

3. ഈ ഉപകേന്ദ്രങ്ങളിൽ ഓരോ അഡീഷണൽ ജെ.പി.എച്ച്.എൻ.-മാരെ നിയമിച്ചു.

4. ഗുരുതര പോഷണക്കുറവുള്ള കുഞ്ഞുങ്ങളെ പുനരധിവസിപ്പിക്കുന്നതിന് അഗളി സി.എച്ച്.സി.-യിലും പുളൂർ, ഷോളയൂർ പി.എച്ച്.സി.-കളിലും ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചു. ഇതിന്റെ ഫലമായി 2013-ൽ 299 ഗുരുതര പോഷകക്കുറവുള്ള കുഞ്ഞുങ്ങളുടെ എണ്ണം ഇപ്പോൾ 64 ആയി കുറയ്ക്കാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

5. കോട്ടത്തറയിൽ സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ലാബ് സൗകര്യങ്ങൾ, ഓപ്പറേഷൻ തീയേറ്റർ സൗകര്യം, കുടിവെള്ള പദ്ധതി, ഡോക്ടർമാരുടെ ക്വാർട്ടേഴ്സുകൾ, ഇ.സി.ജി. സൗകര്യം എന്നിവ ഏർപ്പെടുത്തി.

6. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഗൈനക്കോളജി, ശിശുരോഗവിഭാഗം, ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി., ഡെന്റൽ സർജറി തുടങ്ങിയ സ്പെഷ്യാലിറ്റികളിലായി 20 ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ഐ.എം.എ.-യുടെ സഹകരണത്തോടെ ഒരു അൾട്രാ സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കി.

7. അഗളി സി.എച്ച്.സി.-യിൽ ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് ആരംഭിച്ചു.

8. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും, അഗളി സി.എച്ച്.സി.-യിലും മാത്രമായിരുന്ന ഐ.പി. സൗകര്യം പുതൂർ പി.എച്ച്.സി.-യിലും ആരംഭിച്ചിട്ടുണ്ട്. ഈ മൂന്ന് ആശുപത്രികളിലും 24 മണിക്കൂറും സേവനം ലഭ്യമാണ്.

9. അട്ടപ്പാടി മേഖലയിലെ 28 സബ്സെന്ററുകൾ റിപ്പയർ ചെയ്ത് താമസയോഗ്യമാക്കാൻ നടപടി സ്വീകരിച്ചു. ഇവയിൽ പതിനഞ്ചെണ്ണം പണി പൂർത്തിയായി.

10. ആശാ അംഗൻവാടി പ്രവർത്തകരെ ഏകോപിപ്പിച്ച് ഫീൽഡ്തല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. ഡോക്ടർമാർ, നഴ്സുമാർ പാരാമെഡിക്കൽ സ്കിൽഡ് സ്റ്റാഫ് എന്നിവർക്ക് ആവശ്യമായ പരിശീലനം നൽകി. ഡോക്ടർമാർക്കും നഴ്സുമാർക്കും കേന്ദ്രസർക്കാർ അംഗീകൃത ട്രെയിനിംഗ് സെന്ററായ മദ്രാസ് മെഡിക്കൽ കോളേജിൽ വിദഗ്ധ പരിശീലനം നൽകി.

11. അട്ടപ്പാടി മേഖലയിൽ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ നിലവിലുണ്ടായിരുന്നു. പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് അഡീഷണൽ വാഹന സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. കൂടുതലായി മൂന്ന് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ കൂടി ആരംഭിച്ചു

LIBRARY ARCHIVES Kerala Legislative Assembly

12. ദീർഘകാലം അട്ടപ്പാടി മേഖലയിൽ പ്രവർത്തന പരിചയമുള്ള പാലക്കാട് ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അവിടെ ലഭ്യമാക്കി.

13. 2.67 കോടി രൂപയുടെ പുതിയ പദ്ധതികൾക്കുകൂടി കേന്ദ്ര അനുമതി തേടി.

14. അട്ടപ്പാടി മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനും എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും രണ്ടുകോടി രൂപ അനുവദിച്ചു.

15. ഗുരുതരമായ പോഷകക്കുറവുള്ള മുലയൂട്ടുന്ന അമ്മമാരെയും, ഗർഭിണികളെയും കൂടെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററിൽ (എൻ.ആർ.സി.) താമസിപ്പിച്ച് ആവശ്യമായ പരിരക്ഷ നൽകിവരുന്നു.

അട്ടപ്പാടിയിലെ ശിശുമരണം

4 (*87) ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ വർദ്ധിച്ച തോതിൽ പട്ടിക-ഗോത്രവർഗ്ഗ ശിശുമരണം തുടരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കുമോ ;

(ബി) ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം നിഷ്ഫലമായിട്ടുണ്ടോ; കാരണങ്ങൾ അറിയിക്കുമോ ;

(സി) എന്തൊക്കെ അടിയന്തര/ഹ്രസ്വകാല/ദീർഘകാല പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) മേൽ പശ്ചാത്തലത്തിൽ പ്രസ്തുത പരിപാടികളുടെ മേൽനോട്ടം മന്ത്രിതല സമിതിയെ ഏല്പിക്കാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly